# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025 - 26

## ഡി. എം. ജി. എൽ. പി. എസ്, ഒരുവാതിൽകോട്ട

### ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തിരുവനന്ത പുരം കോർപ്പറേഷനിൽ അണമുഖം വാർഡിൽ സ്ഥിതി ചെയ്യുന്ന ഡി.എം. ജി.എൽ.പി.എസ് ഒരുവാതികോട്ട അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്. ഒരു നിശ്ചിത കാലയളവിൽ ഈ വിദ്യാലയത്തിലെ കുട്ടികളുടെ സർവ്വതോന്മുഖമായ വികസനങ്ങൾ ലക്ഷ്യം വച്ചാണ് പദ്ധതി തയ്യാറാക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്ന ഒരു കുട്ടി നേടേണ്ട ശേഷികൾ/ആശയങ്ങൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ, ഇംഗ്ളീഷ്, മലയാളം ഭാഷകളിൽ ആത്മവിശ്വാ സത്തോടെ അനായാസം ആശയവിനിമയം ചെയ്യാനുള്ള ശേഷി, അഭിരുചിക്കനുസരിച്ചുള്ള പ്രതിഭകളുടെ വികാസം. തുടങ്ങിയവ ഒരു രക്ഷിതാവ് ആഗ്രഹിക്കുന്നതിനുമപ്പുറം കുട്ടികളിൽ വികാസപരിണാമ ചക്രവാളം വികസിപ്പിക്കുകയെന്ന മഹത്തായ ലക്ഷ്യമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മുന്നോട്ട് വയ്ക്കുന്നത്. ഇതൊരു പാഠ്യപാഠ്യേതര ഇടപെടലുകളിലൂടെ സ്കൂളിൽ ലഭ്യമായ അക്കാദമിക ഭൗതിക സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കുട്ടികളിലെ സ്ഥായിയായ അക്കാദമിക വികാസം ഉറപ്പാക്കുന്നു. പ്രാദേശിക വിഭവങ്ങളെ കണ്ടെത്തി വിനിയോഗിക്കുന്നു. അതിലൂടെ സമാനതകളില്ലാത്ത രക്ഷകർതൃസമൂഹം അംഗീകരിക്കുന്ന പഠന മുന്നേറ്റമൊരുക്കൽ എന്നിവയും ലക്ഷ്യം വയ്ക്കുന്നുണ്ട്.

വിദ്യാലയത്തിന്റെ അഭ്യുദയകാംഷികൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, ജനപ്രതിനിധികൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങി സമസ്ത ഒത്തുചേരലിലൂടെയാണ് പദ്ധതി മേഖലകളിലുള്ളവരുടെയും സാർത്ഥകമാകുന്നത്. എല്ലാവർക്കും നന്ദി അറിയിച്ച് ഈ പദ്ധതി അക്കാദമിക സമൂഹത്തിന് മുന്നിൽ സമർപ്പിക്കുന്നു.

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയവും പ്രേരണാധീനവും പ്രാധാന്യവുമുള്ള ഒരു കാലഘട്ടമാണ് ശൈശവം. ശിശുവിന്റെ ഈ ഘട്ടത്തിലുള്ള വികാസാവശ്യങ്ങളും താൽപ്പര്യങ്ങളും പൂർത്തിയാക്കാനുള്ള അനുഭവങ്ങൾ ലഭിക്കുന്നതാണ് ശൈശവകാല വിദ്യാഭ്യാസം. ഇതോടൊപ്പം കുട്ടിക്ക് ലഭിക്കേണ്ട സുപ്രധാന അവകാശമാണ് പരിരക്ഷ കെയർ ശൈശ വിദ്യാഭ്യാസം ശിശുക്കളുടെ സമഗ്ര വികാസത്തിന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണെന്ന് പഠനങ്ങൾ അടിവരയിടുന്നു. മൂന്നു മുതൽ 6 വയസ്സ് കാലയളവിനുള്ളിൽ തന്നെ കുട്ടികളുടേതായ തലത്തിൽ സൗന്ദര്യാത്മക, ആസ്വാദനശേഷി, സർഗ്ഗാത്മകത എന്നിവയെല്ലാം പ്രകടമാകും. പ്രകൃതി പ്രതിഭാസങ്ങളിലും തന്റെ ചുറ്റുപാടുമുള്ള ജീവനുള്ളതും അല്ലാത്തതുമായ എല്ലാത്തരം വസ്തുക്കളിലും കുട്ടി കൗതുകം കൊള്ളുകയും അവയെടുത്ത അറിയാനുള്ള തീവ്രമായ വ്യഗ്രത പ്രകടിപ്പിക്കുകയും ചെയ്യും.

# സ്കൂൾ ചരിത്രം

കുഞ്ഞുകൃഷ്ണൻ മണ്ണന്തല കുഞ്ഞൻ എന്നീ രണ്ട് അധ്യാപകരുമായി ഒരുവാതിൽക്കോട്ട ചന്തവിളകം വീട്ടിൽ ആരംഭിച്ചതാണ് ഈ സ്കൂൾ. കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടെ ഒരു സ്കൂൾ കെട്ടിടത്തിന്റെ ആവശ്യകത ഉൾക്കൊണ്ട് തെക്കേ വിളാകത്ത് വസുമതിയിൽ നിന്നും ലഭിച്ച സ്ഥലത്ത് നാട്ടുകാരുടെ ശ്രമഫലമായി ഒരു വാതിൽക്കോട്ട പ്രൈമറി സ്കൂൾ പഴയ സ്കൂളിന്റെ തുടർച്ചയായ പ്രവർത്തിച്ചു തുടങ്ങി. നാട്ടുകാരുടെ സഹായ സഹകരണത്തോടെയാണ് സ്കൂൾ പ്രവർത്തിച്ചിരുന്നതെങ്കിലും പ്രൈവറ്റ് മാനേജ്മെൻറ് സ്കൂൾ ആയാണ് ഗവൺമെന്റ് അംഗീകാരം നൽകിയിരിക്കുന്നത്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിൽ സ്കൂൾ പ്രവർത്തിച്ചിരുന്ന ആ ഘട്ടത്തിൽ കുന്നത്തു വിളാകത്തു പത്മനാഭൻ അദ്ദേഹത്തിൻറെ പരേതയായ ഭാര്യ ദേവയാനയുടെ സ്മരണ നിർത്തുന്നതിലേക്ക് സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കാൻ തയ്യാറായതോടെ ഒരുവാതിൽകോട്ട പ്രൈമറി സ്കൂൾ ചരിത്രമായി മാറുകയും പകരം ദേവ്യാനി മെമ്മോറിയൽ പ്രൈമറി സ്കൂൾ എന്ന പേരിൽ തുടരുകയും ചെയ്യുന്നു

**നിലവിലുള്ള മികവുകൾ, പ്രശ്നങ്ങൾ**

**മികവുകൾ**

**ഭൗതികം**

- കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാണ്.
- സാമാന്യം സൗകര്യമുള്ള കെട്ടിടങ്ങളും ചുറ്റുമതിലുകളുമുണ്ട്.
- ഓരോ ക്ലാസിലും വൈറ്റ് ബോർഡ് സൗകര്യങ്ങൾ.
- കമ്പ്യൂട്ടർ, 2 ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവയുണ്ട്.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യമുണ്ട്.
- ജൈവപച്ചക്കറിത്തോട്ടത്തിനുള്ള സ്ഥലസൗകര്യമുണ്ട്.
- പാചകപ്പുര, ഡൈനിംഗ് ഹാൾ ഇവയുടെ നിർമ്മാണം കോർപ്പറേഷൻ ആരംഭിച്ചു.

## പരിമിതികൾ

നിലവിൽ കുട്ടികളുടെ എണ്ണത്തിലുള്ള ഗണ്യമായ കുറവ് വലിയ പരിമിതിയാണ്. ക്ലാസിന് പ്രത്യേകം മുറികളില്ല, സ്റ്റാഫ് റൂമില്ല, കളിസ്ഥലമില്ല,, കുട്ടികൾക്ക് പാർക്കില്ല തുടങ്ങിയവ പരിമിതികളാണ്.

# അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ഡി.എം.ജി. എൽ.പി.എസ് ഒരുവാതിൽകോട്ട് |
| | വിലാസം | : | ഡി.എം.എൽ.പി. സ്കൂൾ,<br>ഒരുവാതിൽകോട്ട, ആനയറ പി.ഒ.,<br>തിരുവനന്തപുരം ഫോൺ: |
| 2 | സ്കൂൾ കോഡ് | : | 43302 |
| 3. | വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം- നോർത്ത് |
| 4 | വിദ്യാഭ്യാസ ഉപജില്ല | : | കണിയാപുരം |
| 5. | റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 6. | ബി.ആർ.സി | : | തിരുവനന്തപുരം- നോർത്ത് |
| 7. | സി.ആർ.സി | : | പേട്ട |
| 8.. | വാർഡ് | : | അണമുഖം |
| 9. | വാർഡ് കൗൺസിലർ | : | അജിത്കുമാർ |
| 10. | കോർപ്പറേഷൻ | : | തിരുവനന്തപുരം |
| 11. | നിയമസഭാ മണ്ഡലം | : | കഴക്കൂട്ടം |
| 12. | ലോക് സഭാ മണ്ഡലം | : | തിരുവനന്തപുരം |
| 13. | താലൂക്ക് | : | തിരുവനന്തപുരം |
| 14. | വില്ലേജ് | : | കടകംപള്ളി |
| 15. | ഇ.മെയിൽ | : | glpsmonvila@gmail.com |

# ഉള്ളടക്കം

**ആമുഖം**


- പ്രവർത്തന പരിപാടി
- വിദ്യാലയചരിത്രത്തിലേക്ക്
- നിലവിലുള്ള മികവുകൾ / പ്രശ്നങ്ങൾ
- പൊതു ലക്ഷ്യങ്ങൾ
- ലക്ഷ്യങ്ങൾ

    ഭാഷ

    ഗണിതം

    പരിസരപഠനം

    ഇംഗ്ലീഷ്

    പ്രവൃത്തിപരിചയം

    ആരോഗ്യ കായികകലാപരിശീലനം

    വിവര സാങ്കേതിക വിദ്യ

- പ്രത്യേക പരിഗണന അർഹിക്കുന്നവർ
- പ്രവർത്തനങ്ങൾ

    ഭാഷ

    ഗണിതം

    പരിസരപഠനം

    ഇംഗ്ലീഷ്

    പ്രവൃത്തിപരിചയം

    കലാകായികം

    വിവര സാങ്കേതിക വിദ്യ

- ഉപസംഹാരം

## അക്കാദമികം

- മികച്ച സ്കൂൾ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ ശ്രമിക്കുന്നു. ഭൂരിഭാഗം കുട്ടികളെയും സബ്ജില്ലാ കലോത്സവ പരിപാടിയിൽ പങ്കെടുപ്പിക്കാനും പോയിന്റുകൾ നേടാനും കഴിഞ്ഞു.

- ശാസ്ത്രമേഖലകളിലും കുട്ടികൾ പങ്കെടുത്ത് പോയിന്റുകൾ നേടുകയുണ്ടായി. പൂർവ്വ വിദ്യാർത്ഥികൾ പ്രശസ്തമായ സ്ഥാനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. ഈ സ്കൂളിലെ മുൻ അധ്യാപകൻ ഇവിടെ പ്രവർത്തിക്കുമ്പോൾ ദേശീയ പുരസ്കാരം നേടിയിട്ടുണ്ട്. കുട്ടികൾ മലയാളത്തിലും ഇംഗ്ലീഷിലും അസംബ്ളി നടത്തുന്നുണ്ട്.

## പരിമിതികൾ

- വിവിധ മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. കലാകായിക പരിശീലനത്തിന് പ്രത്യേക അധ്യാപകരുടെ സേവനം ലഭ്യമാകുന്നില്ല.

## പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ലഭിക്കേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമിക മികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ വ്യക്തിത്വങ്ങളാക്കി മാറ്റുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ നന്നായി എഴുതാനും വായിക്കാനും കഴിവ് ഉറപ്പാക്കൽ, ഭാഷകൾ സംസാരിക്കാനുള്ള കഴിവ് വളർത്തുക.
- വിദ്യാലയവും പൊതുസമൂഹവും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക.
- IT അധിഷ്ഠിത വിദ്യാഭ്യാസം നൽകുക.
- അക്കാദമിക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ലഭ്യമായ വിഭവസ്രോതസ്സുകൾ കണ്ടെത്തുക, പ്രയോജനപ്പെടുത്തുക.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
- നാടിന്റെ ഒരു പൊതു ഇടമായി വിദ്യാലയത്തെ മാറ്റിയെടുക്കുക.
- ഐക്യരാഷ്ട്ര സഭയടക്കം അംഗീകരിച്ചിട്ടുള്ള മനുഷ്യാവകാശങ്ങളും ബാലാവകാശങ്ങളും ഉറപ്പാക്കൽ

## ലക്ഷ്യങ്ങൾ

- *ഭാഷ*

  എല്ലാ കുട്ടികളും ആശയഗ്രഹണ വായന നടത്തുന്നു. അക്ഷരതെറ്റില്ലാതെ ആശയം വ്യക്തമാക്കുന്ന രീതിയിൽ എഴുതുന്നുവെന്ന് ഉറപ്പാക്കൽ.

- സാഹിത്യാഭിരുചി കുട്ടികളിൽ വളർത്താനുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുക.
- കുട്ടികളുടെ പ്രായത്തിന് അനുയോജ്യമായ രീതിയിൽ മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടുന്നുവെന്ന് ഉറപ്പാക്കുക.
- സർഗ്ഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
- പിന്തുണാബുക്ക് എന്നിവയ്ക്ക് പ്രാധാന്യം നൽകുക.

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കുക.
- ഓരോ പ്രദേശത്തേയും തനത് ഗണിത രീതികളെ പരിചയപ്പെടുത്തുക.
- ഓരോ പ്രായത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്നുറപ്പാക്കുക.
- ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിത മേളകളിൽ സജീവമായി പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ കുട്ടികളെ തയ്യാറാക്കുക.
- ടാലന്റ് ലാബ് എന്നിവ നടത്തുക.

## പരിസരപഠനം

- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക.
- ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ നിയമങ്ങൾ സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
- ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
- ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ശാസ്ത്രമൂല, ശാസ്ത്രലാബ് സജ്ജമാക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## ഇംഗ്ലീഷ്

- ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
- ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുക,

- സ്വതന്ത്ര രചനയ്ക്ക് സജ്ജമാക്കുക.
- സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.
- ടാലന്റ് ലാബ് സജ്ജമാക്കുക.

## പ്രവർത്തിപരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക.
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉത്പന്നങ്ങളോ ഉണ്ടാക്കുവാനുള്ള കഴിവ് വികസിപ്പിക്കുക.

## ആരോഗ്യകായിക വിദ്യാഭ്യാസം

- കുട്ടികളിൽ ആരോഗ്യ ശീലങ്ങൾ വളർത്തുക.
- എല്ലാ കുട്ടികൾക്കും കായിക ആരോഗ്യക്ഷമത ഉറപ്പാക്കുക.
- സ്കൂൾ ക്യാമ്പസിനെ മാലിന്യമുക്തമാക്കി ഹരിതാഭമാക്കുക.

## കലാപരിശീലനം (ടാലന്റ് ലാബ്)

- കുട്ടികളുടെ സാർഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.

## വിവരവിനിമയ സാങ്കേതിക വിദ്യ

- വിവരവിനിമയ സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവു നിർമ്മാണ പ്രക്രിയയിൽ ഇതിന്റെ അനന്ത സാധ്യതകൾ പ്രയോ ജനപ്പെടുത്തുക.

## പ്രത്യേക പരിഗണന അർഹിക്കുന്നവർ

- ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാമൂഹിക വികാസം ഉറപ്പാക്കുക.
- കഴിവുകൾ പരിപോഷിപ്പിക്കുക.

## ഭിന്നശേഷി സൗഹൃദ വിദ്യാലയം

ഭിന്നശേഷി സൗഹൃദ വിദ്യാലയമാക്കി മാറ്റി കുട്ടികൾക്ക് അത്തരത്തിലുള്ള പ്രവർത്തനങ്ങൾ. ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തീരുമാനിച്ചു. ഓരോകുട്ടിക്കും ഏതുതരം വൈകല്യമാണ് എന്ന് കണ്ടുപിടിച്ച ശേഷം അവർക്കായുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. ഭിന്നശേഷി കുട്ടികൾക്കായുള്ള പഠനോപകരണങ്ങളും കളിയുപകരണങ്ങളും തയ്യാറാക്കണം. അവരുടെ നിലവാരത്തിനനുസരിച്ചുള്ള കസ്റ്റമൈസ്ഡ് വർക്ക് ഷീറ്റ് ആയി എത്തിച്ചുകൊടുക്കുവാൻ തീരുമാനിച്ചു. ഭൗതിക

സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ഭിന്നശേഷികുട്ടികളെ മറ്റു കുട്ടികളുമായി ഇടപഴകാൻ അവസരം ഒരുക്കുന്നു.

## പഠന പ്രവർത്തനങ്ങൾ

- *ഭാഷ*
  ചിത്രകാർഡുകൾ, അക്ഷരകാർഡുകൾ കാണിക്കുന്നു. പറയാനുള്ള അവസരം ഒരുക്കുന്നു.
- കഥ പറഞ്ഞുകൊടുക്കുന്നു.
- കുഞ്ഞുപാട്ടുകൾ പറഞ്ഞുകൊടുക്കുന്നു.
- കവിത ചൊല്ലിക്കൊടുക്കുക.
- അഭിനയിക്കാനുള്ള അവസരം ഒരുക്കുന്നു.
- മറ്റുകുട്ടികളുമായി സഹകരിച്ച് അന്തരീക്ഷം ഒരുക്കുന്നു.
- BRC, IED, Trainer PTA എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

## ഗണിതം

- സംഖ്യാബ്ലോക്കുകൾ കാണിക്കുന്നു. പരിചയപ്പെടുത്തുന്നു.
- ഈർക്കിൽ, മുത്ത്, നാണയങ്ങൾ എന്നിവ ഉപയോഗിക്കാനും, എണ്ണാനുമുള്ള അവസരം ഒരുക്കുന്നു
- ചിത്രങ്ങളിലൂടെ എണ്ണാനുള്ള അവസരം നൽകുന്നു.

## പരിസര പഠനം

- ജീവികൾ, വാഹനങ്ങൾ, സ്ഥലങ്ങൾ തുടങ്ങിയവ ചിത്രങ്ങൾ കാണിച്ച് പേരുകൾ പറയാൻ അവസരം ഒരുക്കുന്നു.
- കാടിന്റെ ചിത്രം (ജീവികൾ, മരങ്ങൾ....) വരയ്ക്കാനും നിറം നൽകാനും അവസരം ഒരുക്കുന്നു.
- ഐ.റ്റി.സി. സാധ്യത ഉപയോഗപ്പെടുത്തുന്നു. ഇവയുടെ പേരുകൾ പറയുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- പഠനോപകരണങ്ങൾ നിർമ്മിക്കുമ്പോൾ ഭിന്നശേഷികുട്ടികളുടെ സാന്നിധ്യം പരമാവധി പ്രയോജനപ്പെടുത്തുന്നു.

# ലക്ഷ്യം - മലയാള ഭാഷാപഠനശേഷി ഉറപ്പാക്കൽ

| SI No. | പ്രവർത്തനങ്ങൾ | കാലയളവ് | ധനവിനിയോഗം | ചുമതല | പ്രവർത്തന വിശദാംശം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | മലയാളത്തിളക്കം | ദീഘകാലം | BRC SSA K | ഭാഷാ അധ്യാപകർ | പ്രീ ടെസ്റ്റ് നടത്തി പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ. കളിയിലൂടെയും കാര്യത്തിലൂടെയും ചിഹ്നങ്ങൾ ഉറപ്പിക്കൽ, പാട്ട്, വീഡിയോ മൈൻഡ് മാപ്പിംഗ് എന്നിവയിലൂടെ ലേഖന പ്രക്രിയ ഫലവത്താക്കുന്നു. തെറ്റ് സ്വയം തിരിച്ചറിയുന്നതിലൂടെപഠനത്തോട് കുറച്ചു കൂടി താത്പര്യം പ്രകടിപ്പി ക്കുന്നു. കഥ, കവിത എന്നിവസൃഷ്ടിക്കുന്നു. പതിപ്പാക്കുന്നു. | |
| 2 | സിഡി പ്രദർശനം | ജൂൺ - മാർച്ച് | | | | |
| 3 | ക്ലാസ്സിൽ വായനക്കൂട്ടം | " | | | | |
| 4 | വായനമൂല | " | | | | വായനമൂല സജ്ജീകരിക്കുന്നു |
| 5 | സ്കൂൾതല ലൈബ്രറി നവീകരണം | ജൂലൈ - മാർച്ച് | BRC | | സ്കൂൾതല ലൈബ്രറിയിൽ പുതിയ പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തി നവീകരിക്കണം. | |
| 6 | വായനോത്സവം സംഘടിപ്പിക്കൽ | | | | | |
| 7 | ദിനാചരണങ്ങൾ | ജൂൺ - മാർച്ച് | | | | |
| 8 | പത്രവായന | | | | സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സ്കൂളിൽ പത്രം വരുത്തണം പത്രം വായിച്ച് വാർത്തകൾ എഴുതാൻ കുട്ടികൾക്ക് നിർദ്ദേശം നൽകുന്നു. | |
| 9 | വായനക്കുറിപ്പ് | | | | | |
| 10 | അസംബ്ലി | | | | വായന മത്സരങ്ങൾ ബാലസഭകളിലും അസംബ്ലിയിലും നടത്താം | |

# ഗണിതം

**ആമുഖം**

കുട്ടികൾ നിത്യജീവിതത്തിൽ അവർ നേരിടുന്ന പ്രായോഗിക പ്രവർത്തനങ്ങൾക്ക് പരിഹാരം കാണാനും ഗണിതത്തെ അറിയാനും അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. അതിനായി ധാരാളം പ്രവർത്തനങ്ങളാണ് ഞങ്ങൾ ഏറ്റെടുത്തിട്ടുള്ളത്.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1 | സംഖ്യാബോധം | ജൂൺ മുതൽ നവംബർ വരെ | |
| 2 | ക്രിയകൾ ഉറപ്പിക്കൽ | | |
| 3 | സംഖ്യാ കാർഡുകൾ | | |
| 4 | മാന്ത്രിക ചതുരം | | |
| 5 | ഊഹിച്ചു പറയൽ | | |
| 6 | ഗണിത കളികൾ | | |
| 7 | പാറ്റേൺ കണ്ടെത്തൽ | | |
| 8 | പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അദ്ധ്യാപകർ |
| 9 | ഗണിത മേള | | |
| 10 | ചോദ്യനിർമ്മാണം | ഒക്ടോബർ മുതൽ മാർച്ച് വരെ | |
| 11 | ജ്യാമിതീയ രൂപനിർമ്മാണം (ഭിന്നശേഷി ഉൾപ്പെടും) | | |
| 12 | ഗണിത കളികൾ | | |
| 13 | ഐ.സി.റ്റി. സാധ്യതകൾ ഉപയോഗിച്ചുള്ള പഠനം | ജൂൺ മുതൽ മാർച്ച് വരെ | |

# പ്രവർത്തനങ്ങൾ

## പ്രീടെസ്റ്റ്

പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.

## സംഖ്യാബോധം ഉറപ്പിക്കൽ

സംഖ്യാ ബോർഡുകൾ, ചിത്രങ്ങൾ എന്നിവയിലൂടെ സംഖ്യകൾ പ്രദർശിപ്പിക്കുന്നു. ഒന്നിനും നൂറിനും ഇടയിലുള്ള ഇരട്ട സംഖ്യകളെയും ഒറ്റ സംഖ്യകളെയും പരിചയപ്പെടുത്തുന്നതിന് ഭിന്നശേഷിക്കാരെയും ഇതിൽ ഉൾപ്പെടുത്താം.

ഉദാ: 1, 3, 5, 7, 9 ..........................

2, 4, 6, 8, 10 .......................

## സംഖ്യാകാർഡുകൾ

ധാരാളം സംഖ്യാകാർഡുകൾ, ടീച്ചർ പറയുന്ന സംഖ്യകൾ കൂട്ടുമ്പോൾ കിട്ടുന്ന സംഖ്യാകാർഡും ഓരോ സംഖ്യകൾ തമ്മിൽ ചേർന്നാൽ കിട്ടുന്ന സംഖ്യയും കുട്ടികൾ കണ്ടെത്തി എടുക്കുന്നു.

ഉദാ: 6+7 = ..........., 10+............. = 18, ............. + ............. = 17

## മാന്ത്രിക ചതുരം

മാന്ത്രിക ചതുരം നൽകി ഒഴിഞ്ഞ കളങ്ങളിലെ സംഖ്യകൾ കണ്ടെത്തൽ.

## ഊഹിച്ചുപറയൽ

ഇടയിലുള്ള സംഖ്യകൾ എത്ര, കൂടുതൽ എത്ര, കുറവ് എത്ര, അളവ് എത്ര എന്നെല്ലാം ഊഹിച്ചു പറയൽ.

## പാറ്റേൺ കണ്ടെത്തൽ

സംഖ്യാ പാറ്റേൺ നിർമ്മിക്കുന്നു. മാതൃക നോക്കി പുതിയ പാറ്റേൺ കണ്ടെത്തുന്നു.

## ഗണിത കളികൾ

ചതുഷ്ക്രിയകളിലൂടെ ഗണിതപഠനം ഉറപ്പിക്കുന്നതിനുവേണ്ടിയാണ് ഗണിത കളികൾ.

## പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ചതുഷ്ക്രിയകളിലൂടെ പ്രായോഗിക പ്രശ്നം നിർധാരണം ചെയ്യൽ.

## ഗണിതമേള

ഗണിത പഠനോപകരണങ്ങളുടെ നിർമ്മാണം

## ചോദ്യനിർമ്മാണം

കുട്ടികൾ ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് ചോദ്യങ്ങൾ, കുസൃതി ചോദ്യങ്ങൾ എന്നിവ കണ്ടെത്തുന്നു. കുട്ടികളോട് ചോദിക്കുന്നു ഉത്തരം കണ്ടത്തണം.

## ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ

നിത്യോപയോഗ വസ്തുക്കളിൽ നിന്ന് ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, കാർഡ്ബോർഡ്, ഈർക്കിൽ തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കാൻ ഭിന്നശേഷിക്കാരെയും ഉൾപ്പെടുത്തുന്നു.

## ഐ.സി.റ്റി. സാധ്യതകൾ

ഗണിതവുമായി ബന്ധപ്പെട്ട് ധാരാളം കളികൾ കമ്പ്യൂട്ടർ വഴി ഉപയോഗപ്പെടുത്തുന്നു. ഭിന്നശേഷിക്കാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനമാണിത്.

## ഗണിതക്യാമ്പ്

ഗണിതവുമായി ബന്ധപ്പെട്ട മേളകൾ, പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കെടുക്കാൻ കുട്ടികളെ സജ്ജരാക്കുക. ഗണിതവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിക്കുക. ഗണിത അസംബ്ലി, ഗണിത കിറ്റ് വിതരണം, ഗണിത കളികൾ എന്നിവയ്ക്ക് കുട്ടികളെ സജ്ജരാക്കുക.

## ഗണിതമൂല

ഗണിത പുസ്തകങ്ങൾ, രൂപങ്ങൾ ഗണിതവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ അവയുടെ പ്രദർശനം.

# <u>പരിസരപഠനം</u>

## ആമുഖം

കുട്ടികൾക്ക് ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് പുറമെ പുറത്തുള്ള പ്രവർത്ത നങ്ങളോടാണ് കൂടുതൽ താല്പര്യം. ഈ താല്പര്യത്തെ മുൻനിർത്തി വിദ്യാ ലയ പരിസരം പാഠപുസ്തകമാക്കിയെടുക്കുന്നതോടൊപ്പം പരീക്ഷണങ്ങളുടെ സാധ്യതകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലക്ഷ്യമാണിത്.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1 | നിരീക്ഷണക്കുറിപ്പ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അദ്ധ്യാപകർ |
| 2 | ഫീൽഡ് ട്രിപ്പുകൾ | | |
| 3 | ബോധവത്ക്കരണ ക്ലാസുകൾ | | |
| 4 | ശേഖരണം | | |
| 5 | പതിപ്പുകൾ | | |
| 6 | പ്രോജക്ട് | | |
| 7 | സർവ്വേ | | |
| 8 | പഠനറിപ്പോർട്ട് | | |
| 9 | പഠനോപകരണ നിർമ്മാണം | | |
| 10 | ഭിന്നശേഷി കുട്ടികളെ ഉൾപ്പെടുത്തി ശാസ്ത്രീയ പരീക്ഷണങ്ങൾ | | |
| 11 | ഐ.റ്റി. സാധ്യതകൾ ഉപയോഗിക്കൽ | | |

# പ്രവർത്തനങ്ങൾ

## നിരീക്ഷണക്കുറിപ്പുകൾ

പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് നിരീക്ഷണത്തിന് അവസരം ഒരുക്കുന്നു. നിരീക്ഷിച്ച ശേഷം നിരീക്ഷണക്കുറിപ്പ് തയ്യാറാക്കാൻ അവസരം നൽകുന്നു.

## ഫീൽഡ് ട്രിപ്പുകൾ

പൊതുസ്ഥാപനങ്ങൾ, നിർമ്മാണ ശാലകൾ, കാർഷിക വിളകൾ ഉത്പ്പാദിപ്പിക്കുന്ന സ്ഥലങ്ങൾ എന്നിവയിലേയ്ക്ക് സന്ദർശനം നടത്തുന്നു.

## ബോധവത്ക്കരണ ക്ലാസുകൾ

ആരോഗ്യം, ശുചിത്വം, ട്രാഫിക് നിയമങ്ങൾ തുടങ്ങിയവയെക്കുറിച്ച് ക്ലാസുകൾ നടത്തുന്നു.

## ശേഖരണം

മണ്ണ്, വിത്ത്, ഇല എന്നിവ ശേഖരിക്കുന്നു.

## പതിപ്പുകൾ

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പതിപ്പുകൾ തയ്യാറാക്കുന്നു.

## പ്രോജക്ട്

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പ്രോജക്ട് തയ്യാറാക്കുന്നു.

## സർവ്വേ

പാഠഭാഗവുമായി ബന്ധപ്പെട്ട്സർവ്വേ നടത്തുന്നു.

## പഠന റിപ്പോർട്ട്

വ്യത്യസ്തത പഠന പ്രവർത്തനങ്ങളുടെ ഭാഗമായി പഠനറിപ്പോർട്ട് തയ്യാറാക്കുന്നു.

## പഠനോപകരണ നിർമ്മാണം

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.

## ശാസ്ത്ര പരീക്ഷണങ്ങൾ

പരീക്ഷണങ്ങൾ ചെയ്യിക്കുന്നു. ഐ.റ്റി.സി. സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിയുള്ള പഠനം.

# English

## Introduction

English has an important role in our class. It has several advantages when it has been taught in primary level students need to practice English everyday life. Knowledge communication in English, expression of idea in English acquiring language activities such as reading and writing as very essential. By doing so may activities the child can acquire English very easy.

| Sl No. | Activity | Duration | Class | Aim | Materials |
|---|---|---|---|---|---|
| 1 | Missing word | | I to IV | | |
| 2 | Cut and paste spelling | | | | |
| 3 | Back to back spelling | Academic year | | | |
| 4 | Erasing words | | | | |
| 5 | Words cut of | | | | |
| 6 | Picture reading | | | | |
| 7 | Rhymes | | I to IV | | |
| 8 | Can you make sentences | | | | |
| 9 | Sentences strips | | | | |
| 10 | Description | | 3, 4 | | |
| 11 | Story | | | | |
| 12 | Language games | | | | |
| 13 | Skit | | I to IV | | |
| 14 | English Assembly | | | | |
| 15 | Riddles | | | | |
| 16 | Word Bank | Academic year | I to IV | | |
| | | | | | |

# Activities

1. **Pre-test:-**

Conduct pretest in all classes to find out learners academic level.

2. **Missing Words:-**

Give worksheet to the learner and ask from to do it.

Eg: m… N….o (a, g)

Tom. . . . t . . . . (a, o)

3. **Cut and paste spelling :-**

Give each student a page from a newspaper ask them to cut out letters from headlines, advertisement and other big lettered text. Let them to paste those letters an Q. short paper. To spell the work that been taught or tested those who finish making the words first and correctly will be the winner of the game.

4. **Back to back spelling :-**

Students are divided into pairs each student in a pair writes the given word on the other students back with a finger. The partner must find out what the other has written.

5. **Erasing word:-**

Write about ten word in black board give a minute time to memorize it. Then erase it. The students have to write it down in their note book from their memory.

6. **Word out of :-**

Write a few letters on the black board. Be sure to include some vowels ask the student to make out of them with in a time limit.

7. **Picture reading :-**

Provide many pictures and allow them to ask questions and give opportunities to answer the interaction questions.

8. **Rhymes:-**

Provide opportunities to hear, sing and enjoy rhymes.

9. **Can you make a sentence:-**

Distributes word codes in groups and allow them to make a meaningful sentence.

Eg. is this school

10. **Sentence strip :-**

Using sentence strip allow the learners to make a narration.

Eg. This is a forest

There are so many animals

11. **Description :-**

This is a continuous activity of complete maping. Tr. shows some picture.

Eg. Forest/Garden and describe the picture orderly after that to write it.

12. **Story:-**

Tr. Give story card and allow to read it.

13. **Skit:-**

This is also classroom activity prepare ideas according to the level of class.

14. **English Assembly :-**

Conduct English Assembly one day in a week.

15. **Riddles :-**

Making riddles

Eng. I am a bird

I swim in water

I lay eggs who am I.

**16. Word Bank.**

"A word bank is a list of words that helps us write and learn new vocabulary".

# പ്രവൃത്തി പരിചയം

## ആമുഖം

ശാരീരിക, വൈകാരിക, വൈജ്ഞാനിക മേഖലകളിൽ അവയുടെ സംയോ ജനവും വികാസവും സാധ്യമാക്കുന്നതിന് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഷയമാണ് പ്രവൃത്തിപരിചയം. പഠനം സമൂഹത്തിനു പ്രയോജനപ്രദമായ സേവനങ്ങളിലേക്കും ഉൽപ്പന്ന നിർമ്മിതിയിലേക്കും വിദ്യാർത്ഥികളെ നയിക്കുന്ന പ്രക്രിയയാണ് പ്രവൃത്തി പരിചയ പഠനം.

സ്കൂൾ പ്രവൃത്തി പരിചയ പഠനത്തിലൂടെ മാനവശേഷി വികാസം മാത്രമല്ല നാം കാണുന്നത്. അസംസ്കൃത വസ്തുക്കൾ ഉപകരണങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവുകൾ നേടുന്നതിലൂടെ മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും അതുവഴി മാനസികോല്ലാസവും കുട്ടികളിൽ വളരുന്നു. മൂല്യങ്ങളും, മനോഭാവങ്ങളും വളർത്തുക മാത്രമല്ല തൊഴിലിനോടും, തൊഴിൽ ചെയ്യുന്നവരോടും ആഭിമുഖ്യം ജനിപ്പിക്കുകയും സാമൂഹ്യബന്ധം മെച്ചപ്പെടുത്തുകയും സഹകരണ മനോഭാവം വളർത്തി വ്യക്തിത്വവികസനം സാധ്യമാക്കുകയും ചെയ്യുന്നു. അറിവു നേടുന്നതുപോലെ തന്നെ പ്രധാനമാണ് അതിനുള്ള വഴികൾ കണ്ടെത്തുന്നതും. പഠിച്ചതു പ്രയോഗിക്കാനും പ്രയോഗിക അനുഭവങ്ങൾ നേടിക്കൊണ്ട് മെച്ചപ്പെട്ട തൊഴിൽ സംസ്കാരം രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

## ആരോഗ്യകായികകലാ പരിശീലനം

ശാരീരിക, വൈകാരിക, വൈജ്ഞാനിക, സർഗാത്മക മേഖലകളിലൂടെ സംയോജനവും വികാസവും സാധ്യമാക്കുന്നതിന് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഷയമാണിത്. കുട്ടികൾ ആരോഗ്യത്തോടെ ഇരിക്കാൻ ആവശ്യമായ പ്രവർത്തങ്ങൾ, മുൻകരുതലുകൾ എന്നിവയ്ക്കായി ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസുകൾ നടത്തുന്നു. കുട്ടികളുടെ ഉള്ളിലുള്ള കലാവാസനകളെ പരിപോഷിപ്പിച്ച് അവർ എത്തേണ്ട ഉന്നത നിലവാരത്തിൽ എത്തിയ്ക്കണം.

കുട്ടികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കാൻ ഉതകുന്ന പരിപാടികൾ അധ്യാപകരുടെ മേൽനോട്ടത്തിൽ നടത്തുന്നു.

# സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

## ലക്ഷ്യ പ്രസ്താവനകൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം).
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം).
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.

- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി).

## വിലയിരുത്തൽ

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.
- തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

## ചുമതല

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ*

*സാമ്പത്തികം*

*എസ്.എസ്.കെ*

# പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

## ലക്ഷ്യ പ്രസ്താവനകൾ

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം).
- പാട്ടരങ്ങ് ഏകദിന ശില്പശാല പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം).

- തുടർപാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്ക്കാരവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രവരി വരെ)
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

## വിലയിരുത്തൽ

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ. യുടെയും പ്രാദേശിക റിസോഴ്സ്പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
- പ്രദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോ പകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡു കളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

## ചുമതല

*ക്ലാസ് ടീച്ചർ, പി.ടി.എ. പ്രധാനാധ്യാപകൻ*

## സാമ്പത്തികം

*എസ്. എസ്. കെ, പി.ടി.എ*

# സചിത്ര പുസ്തകം

2025-26 വർഷത്തിൽ രണ്ടാം ക്ലാസിലെ 8 യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

## ലക്ഷ്യ പ്രസ്താവനകൾ

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്രപാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. (2025 മെയ്)
- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2025 ജൂൺ 10)
- ഏകദിന രക്ഷാകർതൃ ശില്പശാല-സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും (2025 ജൂൺ 15).
- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും).
- രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം (2025 ആഗസ്റ്റ്, 2024 ഡിസംബർ).
- സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം).

## വിലയിരുത്തൽ

- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക് ബുക്ക് ഉറപ്പുവരുത്തുന്നു.
- എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.
- പ്രതിമാസ സി. പി. ടി. എ യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ടയാവുന്നു. കുട്ടികളുടെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു.
- ഭാഷോത്സവത്തിൻറെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു.

## ചുമതല

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*

## സാമ്പത്തികം

*ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ*

# രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്. സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

## ലക്ഷ്യ പ്രസ്താവന

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2-ആം വാരം)
- സി. പി. ടി. എ യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3-ആം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രവരി)
- രചനോത്സവത്തിന്റെ ഭാഗമായുള്ള ചെനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്റ്റംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത ചെനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025).

## വിലയിരുത്തൽ

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
- പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാക്കുന്നു.
- എല്ലാ വ്യവഹാരരൂപങ്ങൾക്കും വരുത്തുന്നു. പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ്
- കൃതമായ ഇടവേളകളിൽ ക്ലാസ്ല രചനോത്സവം സംഘടിപ്പിക്കുന്നു
- രക്ഷാകർതൃ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

## ചുമതല

ക്ലാസ് ടീച്ചർ,പി.ടി.എ

## സാമ്പത്തികം

പി.ടി.എ.,എസ്. എസ്. കെ

# ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു പ്രകടമാക്കാൻ മുന്നിൽ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

## ലക്ഷ്യ പ്രസ്താവനകൾ:

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു.
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ:

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.
- പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.
- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.
- SRG യിൽ അവലോകനം ചെയ്യുന്നു.

## വിലയിരുത്തൽ :

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്.
- കഥോത്സവം, രചനോത്സവം, മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല: SRG, PTA, HM

സാമ്പത്തികം : SSK, PTA

## പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ

1. 3, 4 ക്ലാസിലെ എല്ലാ കുട്ടികളും തങ്ങളുടെ അനുഭവങ്ങളെയും കണ്ട കാഴ്ചകളെയും സർഗ്ഗാത്മകമായി / വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ അവതരിപ്പിക്കാൻ പ്രാപ്തി നേടുന്നു.

    *പഠനനേട്ടങ്ങൾ:*

    - അനുഭവക്കുറിപ്പ് തയാറാക്കുന്നു.
    - ആശയങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നു.

2. എല്ലാ കുട്ടികളും പാഠപുസ്തകത്തിലെ കവിതകളുടെ ഈണത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ഭാവാത്മകമായി അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു.

    *പഠനനേട്ടങ്ങൾ:*

    - സവിശേഷതകൾ ഉൾക്കൊണ്ട് കവിത ചൊല്ലി ആസ്വദിക്കുന്നു.
    - ആശയം, പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾക്കൊണ്ട് കവിത ആസ്വദിച്ച് ചൊല്ലി രസിക്കുന്നു.

3. എല്ലാ കുട്ടികൾക്കും പുതിയ കവിതകൾ, പാട്ടുകൾ, വായ്ത്താരികൾ എന്നിവ കണ്ടെത്തി ഈണം നൽകി അവതരിപ്പിക്കുന്നതിനും താളം തിരിച്ചറിഞ്ഞ് പുതിയ വരികൾ കൂട്ടിച്ചേർത്ത് കവിതകൾ വിപുലപ്പെടുത്തുന്നതിനും കഴിവുണ്ടാകുന്നു.

    *പഠനനേട്ടങ്ങൾ:*

    - വ്യത്യസ്ത വായ്ത്താരികളും സമാന കവിതകളും ശേഖരിക്കുന്നു. ഈണത്തിൽ അവതരിപ്പിക്കുന്നു.
    - കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലുന്നു.

4. എല്ലാ കുട്ടികളും കവിതകൾ, പാട്ടുകൾ എന്നിവയുടെ ആശയം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രാപ്തി നേടുന്നു.

*പഠനനേട്ടം:*

- പാഠത്തിലെ ആശയത്തെ ചിത്രീകരണം, അഭിനയം തുടങ്ങിയ വ്യത്യസ്ത രീതികളിലവതരിപ്പിക്കുന്നു.

5. നാലാം ക്ലാസിലെ കുട്ടികളെല്ലാവരും കഥകൾ സ്ഫുടതയും ഒഴുക്കുമുള്ള ശൈലിയിൽ ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നതിനും കഥാപാത്രങ്ങളുടെ സവിശേഷതകൾക്കനുസരിച്ച് സംഭാഷണങ്ങൾ അവതരിപ്പിക്കുന്നതിനും കഥകളെ വായനാനാടകരൂപത്തിൽ അവതരിപ്പിക്കുന്നതിനും കഴിവു നേടുന്നു.

*പഠനനേട്ടങ്ങൾ:*

- കഥ, വിവരണം എന്നിവ ഉച്ചാരണശുദ്ധി, ഒഴുക്ക്, ആവശ്യമായ ഭാവവ്യത്യാസം എന്നിവയോടെ വായിച്ചവതരിപ്പിക്കുന്നു.
- കഥയെ നാടകമാക്കി അവതരിപ്പിക്കുന്നു.

6. പഠനപ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും സജീവവും സർഗാത്മകവുമായ പങ്കാളിത്തം ഉറപ്പാക്കുക.

7. എല്ലാ കുട്ടികൾക്കും സമഗ്രഗുണമേന്മ ഉറപ്പാക്കുക.

# ഒന്നാം ടേമിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

- ക്ലാസ്സ് പി. ടി. എ കൾ
- കാവ്യോത്സവം
- റീടേഴ്സ് തീയേറ്റർ
- രചനോത്സവം
- സർഗാത്മക ഡയറി

## ക്ലാസ് പി.ടി.എ. യോഗങ്ങൾ

വിദ്യാലയങ്ങളിൽ പ്രതിമാസ ക്ലാസ് പി.ടി.എ.കൾ പതിവായി നടന്നു വരുന്നുണ്ട്. എന്നാൽ കേവലമായ മീറ്റിംഗുകൾക്കപ്പുറം ക്ലാസ് പ്രവർത്തനങ്ങളിൽ അധ്യാപകർക്കും കുട്ടികൾക്കും മികച്ച പിന്തുണ ഉറപ്പാക്കുന്ന വിധത്തിലേയ്ക്ക് ക്ലാസ്സ് പി.ടി.എ.കളെ ഉയർത്തി അവയെ കൂടുതൽ സജീവവും പ്രവർത്തനാധിഷ്ഠിതവും ഗവേഷണാത്മകവുമായി മാറ്റേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

- ക്ലാസ് പി.ടി.എ.കളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പിക്കുക.
- ഏകപക്ഷീയമായ അവതരണത്തിനു പകരം പ്രവർത്തനങ്ങളിലൂടെ പഠനലക്ഷ്യങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുക.
- അധ്യാപകർക്ക് പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് രക്ഷിതാക്കളുടെ സജീവ പിന്തുണ ഉറപ്പിക്കുക.
- ക്ലാസ് പി.ടി.എ.കളെ കുട്ടികളുടെ മികവിന്റെ പ്രകടന ഇടമായി മാറ്റുക.
- അക്കാദമിക പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് മികച്ച പിന്തുണ നൽകുന്ന സഹപഠിതാവ് എന്ന നിലയിലേയ്ക്ക് രക്ഷിതാക്കളെ ഉയർത്തുക.
- ഉത്പന്ന വിശകലനം, സിമുലേഷൻ, വീഡിയോ പ്രദർശനം, വിദഗ്ധരുടെ ക്ലാസ് തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്തി ക്ലാസ് പി.ടി.എ.കൾ വൈവിധ്യമുള്ളതാക്കുക.

## പ്രവർത്തനം

- ജൂണിലെ ആദ്യ ക്ലാസ് പി.ടി.എ.യിൽ 2025-26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനവും പ്രവർത്തനാധിഷ്ഠിതമായി നിർവഹണോദ്ഘാടനവും നടത്തണം.
- വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് കുട്ടികൾക്ക് ലഭിക്കേണ്ട രക്ഷാകർത്തൃ പിന്തുണ ഉറപ്പാക്കണം

- സർഗ്ഗാത്മക ഡയറി/കാവ്യോത്സവം/ റീഡേഴ്സ് തിയറ്റർ തുടങ്ങിയ പരിപാടികളുടെ അക്കാദമിക പ്രാധാന്യവും അവ കുട്ടിയിൽ ഉണ്ടാക്കുന്ന ഭാഷാപരമായ വളർച്ചയും ഉദാഹരണങ്ങളുടെ വെളിച്ചത്തിൽ രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.
- തുടർ മാസങ്ങളിൽ നടത്തുന്ന ക്ലാസ് പി.ടി.എ. കളിൽ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങളും ലക്ഷ്യപ്രാപ്തിയും വിശകലനം ചെയ്യണം.
- ക്ലാസ്സ് പി.ടി.എ. കളിൽ പൂർണ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വിദഗ്ധരുടെ ക്ലാസ്സ്, കൗൺസിലിംഗ്, വീഡിയോ പ്രദർശനം, മികവ് പ്രകടനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തണം.

**രക്ഷിതാക്കളുടെ പങ്ക്**

- ക്ലാസ് പി.ടി.എ.കളിൽ കൃത്യമായി പങ്കെടുക്കുക.
- കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവരിലുണ്ടാകുന്ന മാറ്റങ്ങൾ/പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ തുടങ്ങിയവ ക്ലാസ് പി.ടി.എ. കളിൽ അവതരിപ്പിക്കുക.
- ക്ലാസ് പി.ടി.എ.കളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുക.
- ക്രിയാത്മക നിർദേശങ്ങൾ നൽകുക

# കാവ്യോത്സവം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നാലാം ക്ലാസിലെ എല്ലാ കുട്ടികൾക്കും കാവ്യാസ്വാദനം, ആശയഗ്രഹണം, അവതരണം എന്നിവയിൽ മികവുണ്ടാകുന്നതിനായി ആവിഷ്കരിക്കുന്ന ഇടപെടലാണ് കാവ്യോത്സവം.

ഒന്നാം ക്ലാസ് മുതലാരംഭിക്കുന്ന പാട്ടരങ്ങിന്റെയും മൂന്നാം ക്ലാസിലെ കാവ്യോത്സവത്തിന്റെയും തുടർച്ചയായാണ് 4-ആം ക്ലാസിൽ കാവ്യോത്സവം നടത്തുന്നത്. പാഠഭാഗത്തെ കവിതകളും പഠന പ്രമേയങ്ങളുമായി ബന്ധപ്പെട്ട കവിതകളും പാട്ടുകളുമെല്ലാം ഈ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്താം.

ഇത്തരം പ്രവർത്തനങ്ങളിലൂടെ കടന്നു പോകുന്ന കുട്ടികൾക്ക് ഈണവും താളവും ആശയവും ഉൾക്കൊണ്ട് വരികൾക്കു രൂപം നൽകാനും കൂട്ടിച്ചേർക്കാനും കഴിയുമെന്നതാണ് പ്രധാന കണ്ടെത്തൽ.

## ലക്ഷ്യങ്ങൾ

- താളവൈവിധ്യമുള്ള പാട്ടുകൾ, കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടുത്തി ഒറ്റയ്ക്കും സംഘമായും ചൊല്ലി അവതരിപ്പിക്കുന്നു.
- ചൊല്ലി കേൾക്കുന്ന പാട്ടുകൾ, കവിതകൾ ഈണം, താളം പാലിച്ചുകൊണ്ട് ഏറ്റു ചൊല്ലുന്നു.
- കവിതകളുടെ/പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും വാദ്യോപകരണങ്ങൾ വായിക്കുകയും ചുവടുകൾ വെക്കുകയും ചെയ്യുന്നു.
- കവിതയുടെ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ കവിതയുടെ ആശയവുമായി ബന്ധപ്പെട്ട വാക്കുകളും വരികളും കൂട്ടിച്ചേർത്ത് എഴുതാനും പാടാനും കഴിവു നേടുന്നു.
- പാഠപുസ്തകത്തിലെ കവിതകളും വായ്ത്താരികളും താളവും ഈണവും പാലിച്ച് സ്വതന്ത്രമായി പാടുന്നു.
- പാട്ടുകളും കവിതകളും കൂട്ടുകാർക്ക് ഏറ്റു ചൊല്ലാവുന്ന തരത്തിൽ ഈണവും താളവും പാലിച്ചുകൊണ്ട് പാടികൊടുക്കുന്നു.

- സമാന ആശയങ്ങളെ കവിതകളും പാട്ടുകളും കണ്ടെത്തുന്നു.
- കവിതകൾക്ക് ആശയത്തുടർച്ചയുള്ള വരികൾ താളക്രമം പാലിച്ച് കൂട്ടിച്ചേർക്കുന്നു.
- പരിചയപ്പെട്ട ഈണവും താളവും പാലിച്ചുകൊണ്ട് വാക്കുകളും വരികളും കുട്ടിച്ചേർത്ത് സ്വതന്ത്ര്യമായി പാട്ടുകൾ എഴുതി തയാറാക്കുകയും പൊതുവേദികളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

## കാവ്യോത്സവത്തിന്റെ ഉള്ളടക്കം

ഓരോ ടേമിലെയും പാഠങ്ങളുമായി ബന്ധപ്പെട്ട കവിതകളാണ് മുഖ്യമായി പരിഗണിക്കുക. ആദ്യ ഭാഗത്തെ കവിതകൾ വിഭാഗം തിരിച്ച് ചുവടെ നൽകുന്നു.

## അഭിനയസാധ്യതയുള്ള കവിതകൾ ( കാവ്യാവിഷ്ക്കാരം)

- തെയ്യതിന്തക
- വാമൊഴിച്ചന്തം
- കാത്തിരിപ്പ്
- വാവ ജീവനെ കാക്കുന്നു
- കുറിമ്പിപ്പയ്യ്
- ശേഖരണബുക്ക് / ഹാൻഡ്ബുക്കിലെ കവിതകൾ / പാട്ടുകൾ

## ചോദ്യോത്തര പ്പാട്ടുകൾ

- സൈക്കിൾ ചവിട്ടാൻ
- തോൽക്കില്ല ഞാൻ

## പൂരിപ്പിച്ചു പാടാവുന്ന പാട്ടുകൾ

- മലയാളം പാഠഭാഗങ്ങളിലെ അനുബന്ധ കവിതകൾ

## പരിസ്ഥിതി / ശാസ്ത്രാനുഭവുമായി ബന്ധപ്പെട്ടവ

- എത്ര കിളിയുടെ പാട്ടറിയാം
- മലയാളം

## കാവ്യോത്സവം നിർവഹണകാലം

- ജൂൺ രണ്ടാം വാരം ആരംഭിക്കണം.
- ഒന്ന്, രണ്ട് യൂണിറ്റുകൾ പൂർത്തിയായതിനു ശേഷമാണ് ആദ്യത്തെ കാവ്യോത്സവം ക്ലാസ് പി.ടി.എ. മുമ്പാകെ സംഘടിപ്പിക്കുക (ജൂലൈ).
- ഓരോ ടേമിന്റെ അവസാനവും കാവ്യോത്സവം സംഘടിപ്പിക്കുന്നതാണ്.
- പഠനോത്സവത്തിൽ കാവ്യോത്സവം ഒരിനമായിരിക്കും.

### രക്ഷിതാക്കളുടെ പങ്ക്

- ഭവനാന്തരീക്ഷത്തിലും കുട്ടികൾക്ക് കവിതകൾ/ പാട്ടുകൾ എന്നിവ താളാത്മകമായി അവതരിപ്പിക്കാൻ അവസരമൊരുക്കുക.
- വീട്ടിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് താളം കൊട്ടിപ്പാടാൻ പിന്തുണ നൽകുക.
- ഈണത്തിലും താളത്തിലും അവതരിപ്പിക്കാവുന്ന കവിതകൾ/പാട്ടുകൾ/വായ്ത്താരികൾ തുടങ്ങിയവ ശേഖരിക്കാൻ സഹായിക്കുക.
- സമാനാശയമുള്ള കവിതകൾ/പാട്ടുകൾ കണ്ടെത്താൻ സഹായികുക
- ആശയത്തുടർച്ചയുള്ള വരികൾ കൂട്ടിച്ചേർത്ത് പാട്ടുകളും കവിതകളും വിപുലപ്പെടുത്താൻ ആവശ്യമായ പിന്തുണ നൽകുക.
- കുട്ടികളുടെ പാട്ടിന്റെയും അവതരണങ്ങളുടെയും ആസ്വാദകരും പ്രോത്സാഹകരുമാവുക.

## റീഡേഴ്സ് തീയേറ്റർ

രംഗസജ്ജീകരണമോ ചമയങ്ങളോ ഇല്ലാത്ത ഒരു സംഘം വായനക്കാർ വേദിയിൽ വന്ന് നാടകീയ വായന നടത്തുന്നതിനെയാണ് റീഡേഴ്ല് തിയേറ്റർ എന്ന് വിളിക്കുന്നത്. കുട്ടികൾ നേരിടുന്ന ഭാഷാപരമായ പരിമിതികളെ മറി കടക്കുവാൻ ഭിന്നനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള വ്യത്യസ്തമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്. ലേഖനത്തിൽ എന്ന പോലെ വായനയിലും പരിമിതിയുള്ള കുട്ടികളുണ്ട്. ആശയ ഗ്രഹണ വായനയ്ക്ക് വേണ്ടത്ര പഠനാവസരങ്ങൾ ലഭിക്കാത്തത് കുട്ടികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അനുയോജ്യമായ വേഗത്തിലുള്ള വായന ഭാവം, താളം എന്നിവ ഉൾക്കൊണ്ടുള്ള വായന എന്നിവയിലും മെച്ചപ്പെടേണ്ടതുണ്ട്. കുട്ടികളുടെ വായനശേഷി വികസിപ്പിക്കുന്നതിനും ഭാവം ഉൾക്കൊണ്ടുകൊണ്ടുള്ള സ്വതന്ത്ര ശ്രാവ്യവായന മെച്ചപ്പെടുത്തുന്നതിനും റീഡേഴ്സ് തിയേറ്റർ എന്ന പ്രവർത്തനം ഫലപ്രദമാണ്.

### ലക്ഷ്യങ്ങൾ

- കഥാസന്ദർഭം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു.
- കേൾവിക്കാരെ ആശയം ബോധ്യപ്പെടുംവിധം വായിച്ച വതരിപ്പിക്കുന്നു.
- കഥാഭാഗം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിൽ കഴിവ് നേടുന്നു.
- പരസ്പരം സഹായിച്ചുള്ള വായനയിലൂടെ എല്ലാ കുട്ടികൾക്കും വായനയിൽ ആത്മവിശ്വാസം വളർത്തുക.

### പ്രവർത്തന രീതി

- തുടക്കത്തിൽ പാഠപുസ്തകത്തിലെ കഥകൾ വായനയ്ക്ക് നൽകുന്നു.
- കുട്ടികൾ കഥ വായിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി സ്ക്രിപ്റ്റ് തയാറാക്കുന്നു.
- കഥാപാത്രങ്ങളെ വീതിച്ചെടുത്ത് സംഭാഷണങ്ങൾ നാടകീയമായി വായിച്ചവതരിപ്പിക്കുന്നു.

- ഓരോ ഗദ്യപാഠഭാഗവും വിനിമയം ചെയ്യുന്നതിന്റെ ഭാഗമായി റിഡേഴ്സ് തിയേറ്റർ സംഘടിപ്പിക്കാം.
- കൂടുതൽ സംഭവമുഹൂർത്തങ്ങൾക്കും കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്നതുമായ വായന സാമഗ്രികൾ കണ്ടെത്തി കൂടുതൽ കുട്ടികൾക്ക് അനുഭവം നൽകണം.
- ഇതിനനുയോജ്യമായ വായനാസാമഗ്രികൾ മുൻകൂട്ടി കണ്ടെത്തി വയ്ക്കണം. ഇവ പാഠഭാഗത്തെ ആശയവുമായി ബന്ധം ഉണ്ടായിരിക്കുന്നത് നല്ലതാണ്.
- കൂടുതൽ കുട്ടികൾക്ക് റീഡേഴ്സ് തിയേറ്ററിന്റെ അനുഭവം കിട്ടുന്നതിനായി ഓൺലൈൻ റീഡേഴ്സ് തിയേറ്റർ ഗൂഗിൾ മീറ്റ് സംഘടിപ്പിക്കാം.
- റീഡേഴ്സ് തിയേറ്ററിനെ കുറിച്ച് രക്ഷകർത്താക്കൾക്ക് വ്യക്തമായ ധാരണ നൽകണം.
- കുട്ടികളുടെ അവതരണങ്ങൾ (വീഡിയോ) ക്ലാസ് ഗ്രൂപ്പുകളിൽ പങ്കിടണം.
- രക്ഷിതാക്കൾക്ക് അഭിപ്രായങ്ങൾ പറയാൻ അവസരം നൽകണം.
- കുട്ടികൾക്ക് പരസ്പരം അവതരണങ്ങളെ വിലയിരുത്തി അഭിപ്രായം പറയാൻ അവസരം നൽകണം.
- CPTA യിൽ റീഡേഴ്സ് തിയേറ്റർ അവതരണം നടത്തണം.
- ഭാഷോത്സവത്തിന്റെ ഭാഗമായി റീഡേഴ്സ് തിയറ്ററിന്റെ അവതരണം നടത്തണം.

## രക്ഷിതാക്കളുടെ പങ്ക്

- വീട്ടിലും റീഡേഴ്സ് തിയറ്റർ അവതരണത്തിന് പിന്തുണ നൽകുക. (കുട്ടിക്കൊപ്പം മുതിർന്നവർ വായിക്കുന്നത് കുട്ടികളുടെ ആത്മവിശ്വാസം വളർത്തും)
- വായനയ്ക്കായി സഹായിക്കുക. അനുയോജ്യമായ രചനകൾ കണ്ടെത്താൻസഹായിക്കുക
- സ്ക്രിപ്റ്റ് രൂപീകരണത്തിലെ ഇടപെടലുകൾ ആകാം.
- ഗൂഗിൾ മീറ്റ് പങ്കാളിത്തം ഉറപ്പാക്കണം

## സർഗ്ഗാത്മക ഡയറി

ഓരോ ദിവസത്തെയും പ്രധാന സംഭവത്തെ അതിന്റെ വൈകാരികതയോടെ എഴുതിവയ്ക്കലാണ് ഡയറിയെഴുത്തിൽ നടക്കുന്നത്. ഇത് എല്ലാ ദിവസവും നടക്കേണ്ട വ്യക്തിഗത പ്രക്രിയയാണ്. എന്നാൽ ഡയറി എഴുത്തിൽ കൂടുതൽ സർഗാത്മക സാധ്യതകൾ തുറന്നു നൽകുകയാണ് സർഗാത്മക ഡയറി എന്ന പുത്തനാശയം.

സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുന്നതിലൂടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനും ആണ് സർഗ്ഗാത്മക ഡയറി ഊന്നൽ നൽകുന്നത്.

## നേട്ടങ്ങൾ

- കുട്ടികളുടെ സ്വതന്ത്ര രചന വർദ്ധിപ്പിക്കുന്നു.
- ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിച്ച് മുഴുവൻ കുട്ടികളെയും വായനയുടെയും എഴുത്തിൻറെയും ഉടമകളാക്കുന്നു.
- സർഗ്ഗാത്മക ശേഷി വികസിക്കുന്നു.
- ഭാഷാ നൈപുണി വികസിക്കുന്നു.
- കുട്ടികളുടെ ചിന്താശേഷി വികസിക്കുന്നു.
- കുട്ടിയുടെ മനസിന്റെ സദ്ഭാവനകളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു.
- പ്രകൃതിയുമായി നിരന്തരം അടുക്കുന്നതിലൂടെ നിരീക്ഷണ പാടവം വർദ്ധിക്കുന്നു.
- മൂല്യങ്ങൾ സ്വയം സ്വാംശീകരിക്കുന്നു.

## പ്രവർത്തന രീതി

- സർഗാത്മക ഡയറിയെഴുത്തിനായി ഒരു കാഴ്ച / സംഭവം തിരഞ്ഞെടുക്കുന്നു.
- അതിനെ ഭാവനാത്മകമായി ചിത്രീകരിക്കുന്നു.
  കവിത/പാട്ട്

  സംഭാഷണം

  വിവരണം

കഥ

പത്രവാർത്ത

ചിത്രകഥ

തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്താം.

- എഴുത്തിന് അനുബന്ധമായി രംഗ ചിത്രീകരണം നടത്തണം.
- വാട്സ് ആപ്പ് ഗ്രൂപ്പിൽ പങ്കുവയ്ക്കാം

**രക്ഷിതാവിന്റെ പങ്ക്**

- ഓരോ ദിവസവും കുറച്ച് സമയം കുട്ടികളോടൊപ്പം ഇരുന്ന് ആ ദിവസം അവർ കണ്ട / അനുഭവിച്ച കാര്യങ്ങൾ കുട്ടികളുമായി ചർച്ച ചെയ്യണം.
- ആദ്യഘട്ടത്തിൽ ഓരോ ദിവസത്തെയും പ്രധാന സംഭവം തിരഞ്ഞെടുക്കാൻ കുട്ടിയെ സഹായിക്കണം.
- എഴുതുവാൻ കഴിയുന്ന ആശയങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്തണം
- എഴുത്തിന്റെ ശരിയായ രൂപം കുട്ടിയുടെ ചിന്തയിലേക്ക് കൊണ്ടു വരുവാനുള്ള ഇടപെടൽ നടത്തണം.
- ആഴ്ചയിൽ രണ്ട് / മൂന്ന് സർഗാത്മക ഡയറി എഴുതിയാൽ മതിയാകും.
- കുട്ടികളുടെ രചനകൾ വാട്സാപ്പ് ഗ്രൂപ്പിൽ പങ്കുവയ്ക്കാൻ സഹായിക്കണം

# മേഖല – അക്കാദമികം, ഉപമേഖല -പരിസരപഠനം

## ശാസ്ത്രാവബോധം

### കണ്ടെത്താം അറിയാം

കുട്ടികൾക്ക് ക്ലാസ്സ്റൂം പ്രവർത്തനങ്ങൾക് പ്രാധാന്യം നൽകുന്നതി നോടൊപ്പം പരീക്ഷണങ്ങളുടെ സാധ്യതകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലക്ഷ്യമാണിത്. ഒന്നാം ക്ലാസ് മുതൽ തന്നെ പരിസരപഠനത്തെ പ്രത്യേകമായി കണ്ട് ഓരോ പാഠഭാഗത്തിലും വരുന്ന ആശയങ്ങൾ കുട്ടികളിൽ എത്തിക്കാൻ ഐസിടി സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി. പരീക്ഷണങ്ങളിലൂടെ നേരനുഭങ്ങൾ സാധ്യമാകാനും ശ്രമിക്കുന്നു. പരീക്ഷണ കുറിപ്പുകൾ കുട്ടികൾ രേഖപ്പെടുത്തുകയും മാസത്തിലൊരിക്കൽ അസംബ്ളിയിൽ ക്ലാസ് അടിസ്ഥാനത്തിൽ അവതരിപ്പിക്കാനും അവസരം നൽകുന്നു. ഈ പരീക്ഷണങ്ങളിലൂടെ ശാസ്ത്രാവബോധം കുട്ടികൾ നേരിട്ടനുഭവിക്കുകയും ശാസ്ത്രവിഷയങ്ങൾതെരെഞ്ഞെടുത്തു പഠിക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

## ലക്ഷ്യ പ്രസ്താവനകൾ

- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക.
- ശാസ്ത്രബോധം , ശാസ്ത്രിയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർധിപ്പിക്കുക.
- ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ.

## പ്രവത്തനഘട്ടങ്ങൾ

- ഒന്നുമുതൽ നാലാം ക്ലാസ്സ് വരെയുള്ള പരീക്ഷണ സാധ്യതയുള്ള പാഠഭാഗങ്ങളെ കണ്ടെത്തുന്നു.
- പരീക്ഷണത്തിനാവശ്യമായ പഠനസാമഗ്രികൾ നിത്യ ജീവിതത്തിൽ ഉപാഗിക്കുന്നവയും അല്ലാത്തവയും വേർതിരിച്ചു കണ്ടെത്തുന്നു.
- പരീക്ഷണങ്ങളിലൂടെ ശാസ്ത്രബോധത്തെകുറിച്ചുള്ള നേരറിവ് ലഭിക്കുന്നു
- സംഘബോധം , ശാസ്ത്രാവബോധം എന്നിവ വളർത്തുന്നു.
- പരീക്ഷണങ്ങൾ വഴി അന്വേഷണാത്മക പഠനത്തിനുള്ള താല്പര്യം ഉണ്ടാകുന്നു.
- പരീക്ഷണ പത്രിക തയ്യാറാക്കുക.

## വിലയിരുത്തൽ

- പ്രശ്നം ഏറ്റെടുക്കാൻ കഴിയുന്നു.
- പ്രശ്നത്തെ അനേഷിച്ചറിയാനുള്ള കഴിവ് നേടുന്നു.
- കണ്ടെത്തലുകൾ വിനിമയം ചെയുന്നു.
- തുടർ പ്രവർത്തനങ്ങളിൽ സമാന രീതിയിലുള്ള പരീക്ഷണങ്ങൾ ചെയ്യുന്നു.

# കളിയരങ്ങ്

- ഭാഷാ പഠനത്തിനും ഗണിത പഠനത്തിനും കളിയ്ക്ക് വളരെ പ്രാധാന്യമുണ്ട് .
- കുട്ടിയിൽ കായികക്ഷമത രൂപപെടുന്നതിലൂടെ ഭാഷാ പഠനവും ഗണിത പഠനവും എളുപ്പമാകുന്നു.
- പാഠഭാഗത്തിലെ പഠനലക്ഷ്യങ്ങൾ കണ്ടെത്തി അവ ക്ലാസ്സിൽ പ്രവേശന പ്രവർത്തനമായും നൽകാവുന്നതാണ് കളിയരങ്ങ്.
- കുട്ടികൾക്ക് ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് കളിയരങ്ങ്.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷയും ഗണിതവും സർഗാത്മക്കാൻ കളിയരങ്ങിന് കഴിയും.

## ലക്ഷ്യ പ്രസ്താവനകൾ

- ശാരീരികക്ഷമത, മാനസിക വളർച്ച, ബുദ്ധിപരവുമായ രീതി മനസിലാക്കി കളികൾ അവതരിപ്പിക്കുന്നു.
- പ്രശ്നപരിഹരണശേഷിയും തിരുമാനങ്ങൾ എടുക്കാനുള്ള കഴിവും കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്താനുള്ള മനോഭാവവും മറ്റുള്ളവരെ അംഗീകരിനുള്ള കഴിവും കുട്ടികളിൽ വളർത്താൻ കളിയരങ്ങിലുടെ സാധിക്കും. സംഘപ്രവത്തനങ്ങളിൽ ഏർപ്പെടുത്താനുള്ള മനോഭാവം.
- ഭിന്നനിലവാരക്കാരെ പരിഗണിച്ചു ഭാഷാ - ഗണിത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാ പ്രവർത്തനവും ഗണിത പ്രവർത്തനങ്ങളും സർഗാത്മകവും സജീവവുമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ

- കളിയരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ SCHOOL RESOURCE ഗ്രുപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലൂടെ നിർദേശങ്ങൾക്കനുസരിച്ചു മെച്ചപ്പെടുത്തുന്നു. ( ജൂൺ ആദ്യവാരം)
- ക്ലാസ് പി ടി എ യിൽ പദ്ധതി അവതരിക്കുന്നു.
- രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്‌സ് പേർസണൽമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു ( ജൂൺ ആദ്യവാരം)
- തുടർപഠനങ്ങളുടെ ഭാഗമായി കളിയരങ്ങ് അവതരിപ്പിക്കാൻ (വീഡിയോ ഡോക്യുമെന്ററി) തയാറാക്കൽ.

# വിലയിരുത്തൽ

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ കളിയരങ്ങിന്റെ ഭാഗമായി തയാറാക്കിട്ടുണ്ട്.
- ക്ലാസ് PTA, RESOURSE PERSON- ന്റെയും പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ട്.
- പ്രാദേശികമായി ലഭിക്കുന്ന ഉപകരണങ്ങൾ കളിയരങ്ങിന് തയ്യാറാക്കിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി കളിയരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയിതിട്ടുണ്ട്.

**ചുമതല**

*ക്ലാസ്സ് ടീച്ചർ , പി ടി എ , പ്രധാന അദ്ധ്യാപിക*

# രചനാപരിചയകുറിപ്പ്

ഒരു രചനയുടെ വായന പൂർണ്ണമാവുന്നത് അതിനോട് പലമട്ടിൽ പ്രതികരിക്കുമ്പോഴാണ്. അത്തരത്തിലുള്ള പല പ്രതികരണരൂപങ്ങളിൽ ഒന്നാണ് രചനാപരിചയകുറിപ്പ്.

രചനയിൽ അനുഭൂതിയേകിയ ചില ഘടകങ്ങളെ വേണ്ടതു പോലെ കോർത്തിണക്കി അതിനെ മറ്റൊരാൾക്ക് പരിചയപ്പെടുത്താൻ ശ്രമിക്കുമ്പോഴാണ് അതൊരു രചനപരിചയക്കുറിപ്പ് ആകുന്നത്. മറ്റൊരാളെ ഈ രചന വായിക്കുന്നതിന് പ്രേരിപ്പികയാണ് അടിസ്ഥാനമായി ഈ കുറിപ്പിന്റെ ഉദ്ദേശ്യം.

**ലക്ഷ്യങ്ങൾ**

- ആഹ്ളാദപൂർണമായ വായനാനുഭവനങ്ങൾ ഉറപ്പാക്കൽ.
- വായിച്ച രചനകളെ കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ.
- സ്വയം വായിച്ചു കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവു വികസിപ്പിക്കൽ.
- വായനാനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനുള്ള അവസരം നൽകൽ.
- എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ.

## പ്രവർത്തനഘട്ടങ്ങൾ

- പാഠപുസ്തകം, ടീച്ചർ ടെക്സ്റ്റ് എന്നിവ പരിശോധിച്ചു കുട്ടികൾക്ക് വിവിധ സന്ദർങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ ആവശ്യമായ പുതിയ പുസ്തകങ്ങൾ ലഭ്യമാക്കൽ ( മെയ് 2025).
- കുട്ടികൾക്കൊരു പുസ്തക സമ്മാനം - ജൂൺ
- ക്ലാസ് ലൈബ്രറി രൂപപ്പെടുത്തൽ - ജൂൺ ആദ്യവാരം
- കുട്ടികളുടെ പുസ്തകമേള സംഘടിപ്പിക്കൽ - ജൂൺ 19
- അമ്മമാരുടെ വായന, രചനാ ശില്പശാല - ജൂലായ്
- ആദ്യപൊതു അവതരണം, വായനാ കുറിപ്പുകൾ, വായിക്കൽ, പ്രദർശനം - സെപ്റ്റംബർ, ജനുവരി
- എല്ലാകുട്ടികളുടെയും രചനാ പരിചയകുറിപ്പുകളുടെ പ്രകാശനം - 2026 മാർച്ച് 20/21.

## വിലയിരുത്തലുകൾ

- വായനക്കാരുടെ ശ്രദ്ധപിടിച്ചു പറ്റുന്ന രസകരമായ തുടക്കം
- വായനയുടെ കൗതുകത്തിലേക്ക് വായനക്കാരെ കടത്തി വിടുന്ന ഉള്ളടക്കം ഉണ്ട്.
- രചനയിലെ രസകമരമായ ഭാഷാപ്രയോഗങ്ങൾ,ഭാഷയുടെ കിലുക്കം തുടങ്ങിയവയെക്കുറിച്ചു സൂചനയുണ്ട്.
- കൗതുകമുണർത്തുന്നതും വൈവിധ്യമുള്ളതുമായ വാക്യമാതൃകകൾ ഉപയോഗിച്ചിട്ടുണ്ട്.
- ഏറ്റവും യോജിച്ച വ്യവഹാരരൂപം തെരഞ്ഞെടുത്തിട്ടുണ്ട്.
- ചിത്രകൾ ഉൾപ്പെടുത്തിട്ടുണ്ട്.
- രചയിതാവിൻറെ പേര്, പ്രസാധകർ തുടങ്ങിയ കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്.

### ചുമതല

*SRG , PTA , CPTA ,SMC ,HM ,TEACHER , പൂർവ വിദ്യാർത്ഥി സംഘടന*

# ഉപസംഹാരം

പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി ഇറങ്ങുന്ന ഒരു കുട്ടി നേടേണ്ട ശേഷികൾ, ആശയങ്ങൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ, ഇംഗ്ലീഷ്, മലയാളം ഭാഷ എന്നിവ ആത്മവിശ്വാസത്തോടെ അനായാസം ആശയവിനിമയം ചെയ്യുന്നതിനുള്ള ശേഷി അഭിരുചിക്കനുസരിച്ചുള്ള പ്രതിഭകളുടെ വികാസം തുടങ്ങി ഒരു രക്ഷിതാവ് ആഗ്രഹിക്കുന്നതിനുമപ്പുറം കുട്ടികളിൽ വികാസ പരിണാമ ചക്രവാളം വികസിപ്പിക്കുക എന്ന ലക്ഷ്യമാണ് ഈ മാസ്റ്റർ പ്ലാൻ മുന്നോട്ട് വയ്ക്കുന്നത്. അതിനായി പ്രീപ്രൈമറി കുട്ടികൾക്കായി പാർക്ക്, 1 മുതൽ 4 വരെ ക്ലാസുകളിലേക്ക് ശിശുസൗഹൃദ ക്ലാസ്മുറികൾ, ശിശുസൗഹൃദ ചുമരുകൾ, കായിക വികസനത്തിന് ആവശ്യമായ കളിയുപകരണങ്ങൾ, കായിക അധ്യാപകർ എന്നിവയും സ്കൂളിന് ആവശ്യമായ കാര്യങ്ങളാണ്. ഇവയെല്ലാം പ്രാവർത്തികമായി ഈ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാം.